# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 726** | **29/05/2019-ൽ മറുപടിയ്ക്ക്**

## റിസ്ക് ഫണ്ട് സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ ബാങ്കുകളിലെ വായ്പകളിൽ ഏർപ്പെടുത്തിയിട്ടുള്ള "റിസ്ക് ഫണ്ട്" ലഭിക്കുന്നതിന് വലിയ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സഹകരണ ബാങ്കുകളിലെ വായ്പകളിൽ ഏർപ്പെടുത്തിയ റിസ്ക് ഫണ്ട് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് ലഭിക്കുന്ന അപേക്ഷകളിൽ ഏകദേശം 60 ശതമാനത്തോളം അപേക്ഷകൾ ധനസഹായത്തിന് അർഹതയില്ലാത്തതാണ്. ടി അപേക്ഷകൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കാൻ കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും അർഹതയുള്ള അപേക്ഷകളിൽ ദ്രുതഗതിയിൽ ധനസഹായ വിതരണം നടത്തി വരുന്നു. |
| (ബി) | റിസ്ക് ഫണ്ട് അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ലഭിയ്ക്കുന്നതിനും ഫണ്ട് തുക വർദ്ധിപ്പിക്കുന്നതിനും നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; | (ബി) | റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അർഹരായ മുഴുവൻ വായ്പക്കാർക്കും നിലവിൽ ധനസഹായം നൽകി വരുന്നുണ്ട്. റിസ്ക് ഫണ്ട് തുക വർദ്ധിപ്പിക്കുന്നതടക്കമുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് നിയമാവലി ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ബാങ്കുകളിൽ നേരത്തെയുണ്ടായിരുന്ന വായ്പകൾ അടച്ച് പുതുക്കിയെടുത്തതിനുശേഷം റിസ്ക് ഫണ്ടിൽ നിന്നും ചികിത്സാ സഹായം അനുവദിയ്ക്കാത്ത സാഹചര്യം ഒഴിവാക്കുന്നതിനും അർഹരായ മുഴുവൻ പേർക്കും റിസ്ക് ഫണ്ട് സഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ബാങ്കുകളിൽ നേരത്തെയുണ്ടായിരുന്ന വായ്പകൾ അടച്ച് പുതുക്കുന്ന അവസരത്തിൽ റിസ്ക് ഫണ്ട് വിഹിതം ഈടാക്കി ബോർഡിലേക്ക് അടച്ചിട്ടുള്ള അർഹതയുള്ള എല്ലാ വായ്പകൾക്കും ആനുകൂല്യം നൽകി വരുന്നുണ്ട്. എന്നാൽ പുതുക്കുന്ന അവസരത്തിൽ റിസ്ക് ഫണ്ട് വിഹിതം അടക്കാത്ത വായ്പകൾക്ക് ആനുകൂല്യം നൽകാറില്ല. |

സെക്ഷൻ ഓഫീസർ